**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4164** **09-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ കിച്ചൺ കം സ്റ്റോർ സ്ഥാപിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ കം സ്റ്റോർ നിർമ്മിക്കുന്നതിന് കേരളത്തിന്റെ നാൽപ്പതും കേന്ദ്രത്തിന്റെ അറുപതും ശതമാനം വിഹിതം ചേർത്തുള്ള തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | അനുവദിച്ചിട്ടുണ്ടെങ്കിൽ എന്നാണെന്നും ആയത് എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ എച്ച്.എം.മാരുടെയും അക്കൗണ്ടിലേയ്ക്ക് അയച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ കം സ്റ്റോർ നിർമ്മിക്കു ന്നതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾ പ്പെടെയുള്ള 13766.69 ലക്ഷം രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനായി 24.02.2021-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17/03/2021 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ പ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തിരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻകൂറായി മാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ആകെ അലോട്ട് ചെയ്ത 13766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾ മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12471.48 ലക്ഷം രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | ഇപ്രകാരം പണം അക്കൗണ്ടിലേയ്ക്ക് അയച്ചിട്ടുള്ളത് തിരിച്ച് പിടിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കമോ? | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ കം സ്റ്റോർ നിർമ്മിക്കു ന്നതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾ പ്പെടെയുള്ള 13766.69 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനായി 24.02.2021-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17/03/2021 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ പ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തിരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻകൂറായി മാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ആകെ അലോട്ട് ചെയ്ത 13766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾ മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12471.48 ലക്ഷം രൂപ ഇലക്ട്രോണിക്ക് ലഡ്ജർ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ